പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8017 24.07.2012 -ലെ മറുപടി

## തിരുവനന്തപുരം നഗരത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

ചോദ്യം

ശ്രീ. കെ മുരളീധരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം നഗരത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ പേരൂർക്കട, വികാസ്ഭവൻ, കിഴക്കേകോട്ട, പാപ്പനംകോട് ഡിപ്പോകൾ ആധുനിക രീതിയിൽ വികസിപ്പിച്ച് സിറ്റി സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നിനുള്ള വിവിധ വശങ്ങൾ പരിശോധിച്ചു വരുന്നു. തിരുവനന്തപുരം നഗരത്തിൽ സിറ്റി സർവ്വീസുകൾ നടത്തുന്നത് പേരൂർക്കട, വികാസ്ഭവൻ, തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, വെള്ളനാട് യൂണിറ്റുകളിൽ നിന്നുമാണ്. ഈ യൂണിറ്റുകളിൽ നിന്നുമായി 512 സിറ്റി സർവ്വീസുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പുറമെ 144 ജെൻറം എ.സി, നോൺ എ.സി സർവ്വീസുകളും തിരുവനന്തപുരം നഗരത്തിൽ നടത്തുന്നുണ്ട്. യാത്രാ ആവശ്യം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലത്ത് കൂടുതൽ സർവ്വീസുകൾ പരിഗണിക്കാവുന്നതാണ്. |
| (ബി) | തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ സ്ഥാപിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ? | (ബി) | ഈഞ്ചയ്ക്കലിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ് ടെർമിനൽ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ